## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 489 — 03/03/2020 ൽ മറുപടിക്ക്

## കരകൗശല വികസന കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കരകൗശല മേഖലയുടെ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചക്ക് സഹായകരമായ സാഹചര്യം സൃഷ്ടിക്കുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; | (എ) കരകൗശല മേഖലയുടെ വളർച്ചയ്ക്കായി ബഹുമുഖ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. കരകൗശല തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ ദൗർലഭ്യമില്ലാത്തവിധം ലഭ്യമാക്കുക, അവരുടെ ഉൽപ്പന്നങ്ങൾക്ക് ശരിയായ വിപണി ലഭ്യമാക്കുക എന്നിവ വഴി വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ സർക്കാർ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. ഉൽപ്പന്നങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് മികച്ച ഡിസൈനുകൾ, മെച്ചപ്പെട്ട പരിശീലനം എന്നിവയും നടത്തിവരുന്നുണ്ട്. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനതല സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പക്സ് സഹകരണ സംഘം, കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷൻ, കേരള മുളവികസന കോർപ്പറേഷൻ, കേരള ബാംബൂ മിഷൻ എന്നിവ ആവിഷ്കരിക്കുന്നതും മുൻപ് സൂചിപ്പിച്ചതുമായ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം നൽകി ഈ മേഖലയുടെ വളർച്ച ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ കരകൗശല മേഖലയിലെ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് 'ആഷ' എന്ന മറ്റൊരു പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കരകൗശല തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | കരകൗശല തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന "ആഷ" എന്ന പദ്ധതി നിലവിലുണ്ട്. കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടം /പണിശാല, യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, പണിശാലയിലെ വൈദ്യുതീകരണം തുടങ്ങി സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% തുക (പരമാവധി രണ്ടു ലക്ഷം രൂപ) ധന സഹായം നൽകുന്നു. പട്ടികജാതി/പട്ടിക വർഗ്ഗം, വനിതാ, യുവജന സംരംഭകർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 50% തുക (പരമാവധി 3 ലക്ഷം രൂപ) ധനസഹായമായി അനുവദിക്കുന്നു. |
| (സി) | ഇതിനായി എന്തെങ്കിലും കേന്ദ്ര പദ്ധതിയുണ്ടോ; എങ്കിൽ അതിലൂടെ ലഭിക്കുന്ന സാമ്പത്തിക സഹായം വിശദമാക്കുമോ; | (സി) | കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന കേന്ദ്ര പദ്ധതികൾ നിലവിലില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ നീതി - ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിലുള്ള "National Backward Classes Finance and Development Corporation" വിതരണം ചെയ്യുന്ന വായ്പകൾ ഉപയോഗപ്പെടുത്തി അർഹരായ കരകൗശല സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരമുണ്ട്. |
| (ഡി) | കരകൗശല ഉല്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിനും അവയുടെ ശാസ്ത്രീയ വിപണനം ലക്ഷ്യമാക്കിയും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ? | (ഡി) | ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി ലഭിക്കുന്നതിന് ഉൽപ്പന്നങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിനായി വിവിധ തരത്തിലുള്ള നൈപുണ്യ വികസന പരിശീലനം നടത്തിവരുന്നുണ്ട്. കൂടാതെ, പുതിയ ഡിസൈനുകൾ ആവിഷ്കരിക്കുന്നതിന് ഡിസൈൻ - ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തുകയും പുതിയ പ്രോട്ടോടൈപ്പുകൾ വികസിപ്പിച്ച് വിതരണം നടത്തിവരികയുമാണ്.<br><br>2) കരകൗശല ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്ന സ്ഥിരം ശാലകൾ ആധുനികീകരിക്കുകയും അതുവഴി ഉപഭോക്താക്കളെ ആകർഷിക്കുകയും ചെയ്യുന്നു . |

3) വിശേഷാവസരങ്ങളിൽ പ്രത്യേക പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നു.

4) കരകൗശല വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക വിപണന മാതൃകയായ ഇ-കോമേഴ്സ് ആരംഭിക്കുകയും ആമസോൺ, ഫ്ളിപ്കാർട്ട്, ജി.ഇ.എം. തുടങ്ങിയ ഇ-കോമേഴ്സ് പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ